പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1587 — 02.07.2015 ൽ മറുപടിയ്ക്ക്

## മൃഗസംരക്ഷണവകുപ്പിലെ ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.തിലോത്തമൻ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റേഷനറിയുംവകുപ്പ് മന്ത്രി) |
| എ) മൃഗചികിത്സ, മൃഗശുശ്രൂഷ തുടങ്ങിയവയിൽ ഏർപ്പെടുന്ന മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടി വരാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം സംഭവിക്കുമ്പോൾ ഇവരുടെ ചികിത്സാ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്ക് ധനസഹായം നല്കാറുണ്ടോയെന്ന വ്യക്തമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ ജീവനക്കാർക്ക് മൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടി വന്നാൽ ചികിത്സാചെലവുകൾക്ക് പ്രത്യേക-മായി ധനസഹായം അനുവദി-ക്കാറില്ല. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കാറുണ്ട്. |
| ബി) കന്നുകാലികളിൽ നിന്നും മറ്റ് വളർത്തുമൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടിവരുന്ന മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവർക്കു വേണ്ടി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുമോ? | ബി) മൃഗസംരക്ഷണ വകുപ്പിലെ ജീവന-ക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ